"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണവകുപ്പ് - ആലപ്പുഴ ജില്ല - അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് - ദേശീയപാത 66 വികസനം - ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടഭാഗങ്ങൾ പൊളിച്ചു മാറ്റിയതിന്റെ നഷ്ടപരിഹാരത്തുക അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1121/2026/LSGD തീയതി,തിരുവനന്തപുരം, 15-06-2026

---

പരാമർശം:-

1. GO (P) 190/2021 തീയതി 25/11/2021 -ലെ സർക്കാർ ഉത്തരവ്
2. GO (P) No 232/2022/ Fin തീയതി 12/1/2022 -ലെ സർക്കാർ ഉത്തരവ്
3. ആലപ്പുഴ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (ലാന്റ് അക്വിസിഷൻ) നാഷണൽ ഹൈവേയ്സ് & കോമ്പീറ്റന്റ് അതോറിറ്റിയുടെ 19.04.2023 ലെ LAC No. 216/2020/Paravoor/S.O.796(E) A4-3167/2023 നമ്പർ നടപടിക്രമം
4. അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 10/11/2023 ലെ2(8) നമ്പർ ഭരണസമിതി തീരുമാനം
5. അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 16/8/2024 ലെ സി.1019/2023 നമ്പർ കത്ത്
6. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 23.06.2025 ലെ LSGD/PD/5086/2025-REV6 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ദേശീയപാത-66 വികസനത്തിനായി ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 0.06020 ഹെക്ടർ ഭൂമിയും അതോടൊപ്പം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെയും കോൺഫറൻസ് ഹാളിന്റെ ഭാഗങ്ങളും കാന്റീൻ പ്രവർത്തിച്ചിരുന്ന കെട്ടിടം , ചുറ്റുമതിൽ എന്നിവ പൂർണ്ണമായും പൊളിച്ചുനീക്കുകയും ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാര തുകയായി പരാമർശം (3) ലെ നടപടിക്രമം പ്രകാരം സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ, ട്രഷറിയിൽ 0075-00-105-98 ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള 34,88,924/- രൂപ (മുപ്പത്തിനാലു ലക്ഷത്തി എൺപത്തിയെട്ടായിരത്തി തൊള്ളായിരത്തി ഇരുപത്തിനാലു രൂപ മാത്രം) അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ചു നൽകണമെന്ന അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (5) ലെ അപേക്ഷ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം സർക്കാരിലേക്ക് ശിപാർശ ചെയ്യുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേശീയപാത-66

വികസനത്തിനായി ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള ഉടമസ്ഥതയിലുള്ള 0.06020 ഹെക്ടർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട ഇനത്തിൽ കെട്ടിടങ്ങളുടെ നഷ്ടപരിഹാര തുകയായി സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (ലാന്റ് അക്വിസിഷൻ) നാഷണൽ ഹൈവേയ്സ് & കോമ്പിറ്റന്റ് അതോറിറ്റി പരാമർശം (3) പ്രകാരം 0075-00-105-98 Compensation for Land Acquisition for NH Develpoment എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള **34,88,924/- രൂപ (മുപ്പത്തിനാലു ലക്ഷത്തി എൺപത്തിയെട്ടായിരത്തി തൊള്ളായിരത്തി ഇരുപത്തിനാലു രൂപ മാത്രം)** പ്രസ്തുത ശീർഷകത്തിൽ നിന്നും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ DDO ആയി ശിപാർശചെയ്തിട്ടുള്ള അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ (DDO CODE-0601630003) പേരിൽ ആലപ്പുഴ ജില്ലാ ട്രഷറിയിലുള്ള TSB ACCOUNT NUMBER - 799013000000421 ലേയ്ക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ള പ്രസ്തുത തുക താഴെപ്പറയുന്ന നടപടിക്രമങ്ങൾ പാലിക്കണമെന്ന വ്യവസ്ഥയോടെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ച് ഉത്തരവാകുന്നു.

എ) 0075-00-105-98 എന്ന ശീർഷകത്തിൽ നിന്നും ഉത്തരവ് പ്രകാരമുള്ള തുക റീഫണ്ട് ചെയ്യുന്നതിനായി ട്രഷറി ആപ്ലിക്കേഷനിലെ റീഫണ്ട് മാസ്റ്ററിൽ ആവശ്യമായ ക്രമീകരണം വരുത്തുന്നതിന് വേണ്ടി ഭരണാനുമതി ഉത്തരവ് സഹിതം DDO ബന്ധപ്പെട്ട ട്രഷറിയെ സമീപിക്കേണ്ടതാണ്.

ബി) ട്രഷറി ആപ്ലിക്കേഷനിൽ തുക റീഫണ്ട് ചെയ്തുകൊണ്ട് മാറ്റം വരുത്തിക്കഴിഞ്ഞാൽ DDO യ്ക്ക് ബിംസ് ആപ്ലിക്കേഷൻ വഴി റീഫണ്ടു ബിൽ Process ചെയ്ത് ട്രഷറിയിൽ സമർപ്പിച്ച് തുക മാറി എടുക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡീഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
ധനകാര്യവകുപ്പ് (16.04.2026 ലെ3443782/ DEV-2/53/2026-FIN
ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ&പി ആർ ഡി കരുതൽ ഫയൽ (ഡി. ബി1/64/2026/എൽ.എസ്.ജി.ഡി).

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 15-06-2026 17:25:37